ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ ശക്തികളെയും നിയമപരമായി അമർച്ച ചെയ്യുന്നതിനുവേണ്ടി ഓപ്പറേഷൻ സുരക്ഷ എന്ന പ്രത്യേക പദ്ധതി 25-2-2015 മുതൽ പോലീസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 25-3-2015 മുതൽ ആരംഭിച്ചിട്ടുണ്ട്. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) (KAAP Act) നിയമപ്രകാരമുള്ള നടപടിയെടുക്കുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉൾപ്പടെ വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിനുശേഷം നിയമ നടപടികളിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുന്നവരെ അറസ്റ്റ് ചെയ്യുക, കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള POCSO Act പ്രകാരം കേസെടുക്കുക, അബ്കാരി ആക്ട്, എൻ.ഡി.പി.എസ്. ആക്ട് എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ, കള്ളനോട്ട്, അനധികൃത മണൽ ഖനനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ നടപടികൾ ഊർജ്ജിതപ്പെടുത്തുക എന്നിവ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് ഓപ്പറേഷൻ സുരക്ഷ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ജീവിക്കാൻ സ്വസ്ഥവും സമാധാനവുമുള്ള അന്തരീക്ഷം സൃഷ്ടിക്കുക, സമൂഹത്തിന്റെ സൈ്വരജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നത് തടയുക എന്നിവ ലക്ഷ്യങ്ങളാണ്. കൂടാതെ പലസ്ഥലങ്ങളിലും സമൂഹത്തിന് ഭീഷണിയായി മാറുന്ന മണൽ മാഫിയ, മദ്യമയക്കുമരുന്ന് മാഫിയ, സംഘടിത കുറ്റകൃത്യങ്ങളിലേർപ്പെടുന്ന ക്വട്ടേഷൻ സംഘങ്ങൾ, അസൂത്രിതമായി സ്ത്രീകളെ ചൂഷണം ചെയ്യുന്ന പെൺവാണിഭ സംഘങ്ങൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തുന്ന മാഫിയകൾ എന്നിവയെ പൂർണ്ണമായി അമർച്ച ചെയ്യുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സംഘടിത കുറ്റകൃത്യങ്ങൾക്കും മാഫിയ പ്രവർത്തനങ്ങൾക്കും എതിരായ പോലീസ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ സ്വീകരിക്കുന്നതിനാൽ ക്രമസമാധാന അന്തരീക്ഷം വളരെയധികം മെച്ചപ്പെട്ടുകഴിഞ്ഞു.

(സി) സാമൂഹ്യവിരുദ്ധ ഭീഷണി അമർച്ച ചെയ്യുന്നതിന് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററായി എ.ഡി.ജി.പി. ശ്രീ. അരുൺകുമാർ സിൻഹയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗം ഇതുസംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുകയും വിവരങ്ങൾ നടപടിക്കായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

രാത്രിയാത്രാ നിരോധനം പിൻവലിക്കുന്നതിനുള്ള നടപടികൾ

22(*622) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബന്ദിപ്പൂർ വഴിയുള്ള ദേശീയപാതയിൽ രാത്രിസഞ്ചാരം നിരോധിച്ചതു പിൻവലിക്കുന്നതിനായി കർണ്ണാടക മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ചർച്ചയിലൂടെ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിരോധനം നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്. 15-4-2015-ൽ ബാഗ്ലൂരിൽവച്ച് ബഹു. കേരള മുഖ്യമന്ത്രി ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രിയുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി

(ബി&സി) കേരളത്തിന്റെ വടക്കൻജില്ലകളായ വയനാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിന് 212-ാം നമ്പർ ദേശീയപാതയെ (NH-212) ആണ് ആശ്രയിക്കുന്നത്. അതിനാൽ ഇതുവഴിയുള്ള ഗതാഗതം നിരോധിക്കുന്നത് ടി ജില്ലകളിലെ ജനങ്ങളെ സാരമായി ബാധിക്കുമെന്ന വസ്തുത കണക്കിലെടുത്ത് വനം വകുപ്പ് വാഹനങ്ങളുടെ അകമ്പടിയോടെ കോൺവോയി അടിസ്ഥാനത്തിൽ വാഹന ഗതാഗതം അനുവദിക്കുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെങ്കിൽ രാത്രി (9 pm to 6 am) ഗതാഗത നിയന്ത്രണത്തിൽ ഇളവ് വരുത്താവുന്നതാണെന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശവും അംഗീകരിക്കാൻ സാധ്യമല്ലെങ്കിൽ രാത്രി പത്തുമണി മുതൽ രാവിലെ അഞ്ചുമണി വരെ (10 pm to 5 am) ഗതാഗത നിയന്ത്രണത്തിൽ അയവ് വരുത്തുന്നത് ഉപകാരപ്രദമായിരിക്കും എന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഈ നിർദ്ദേശങ്ങളെക്കുറിച്ച് പഠിച്ച് തീരുമാനമെടുക്കുന്നതിന് രണ്ടു മാസത്തെ കാലയളവ് ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനം കർണ്ണാടക മുഖ്യമന്ത്രി അറിയിച്ചിട്ടില്ല. ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരിന്റെ അഭിപ്രായം ലഭ്യമായാൽ ഉടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ട്രോളിംഗ് നിരോധനം

23(*623) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധന കാലാവധി ദീർഘിപ്പിക്കാൻ ഡോ. സെയ്ദറാവു കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly